**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5971** **09-11-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് പഠനത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രഖ്യാപിച്ച പഠന മുറിയുടെയും സാമൂഹ്യ പഠന മുറിയുടെയും കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മൊകേരി, പാനൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിന്നും 9 പട്ടികജാതി ഗുണഭോക്താക്കൾക്ക് പഠനമുറി അനുവദിച്ചതിൽ 9 എണ്ണവും ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാട്യം പഞ്ചായത്തിലെ കണ്ണവം കോളനി, തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ നരിക്കോട്ട്മല കോളനി എന്നിവിടങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സാമൂഹ്യ പഠനമുറി പദ്ധതി പ്രകാരം കോളനികളിലെ സാംസ്കാരിക നിലയത്തിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫെസിലിറ്റേറ്റർ മുഖേന ക്ലാസ്സുകൾ നൽകുന്നുണ്ട്. ഇത് മുഖേന പഠനനിലവാരം മെച്ചപ്പെടുത്തുവാൻ സഹായിച്ചിട്ടുണ്ട്. കൂടാതെ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാട്യം, തൃപ്പങ്ങോട്ടൂർ പഞ്ചായത്തുകളിലെ വിവിധ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വീട്ടിൽ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 5 വീടുകൾക്ക് പഞ്ചായത്തുകളിൽ നിന്നുള്ള ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വീടുകളിലെ കുട്ടികൾക്ക് പഠനാന്തരീക്ഷം മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് നൽകിവരുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആയത് സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും എന്തൊക്കെ | (ബി) | പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ? | | ആനുകൂല്യങ്ങൾ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ വർദ്ധിപ്പിച്ച് നൽകുന്നുണ്ട്. സംസ്ഥാനത്തെ പ്രീമെട്രിക്/പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മുമ്പുള്ള നിരക്കിനേക്കാൾ 20% വർദ്ധിപ്പിച്ചാണ് നിലവിൽ വിദ്യാഭ്യാസ ആനുകൂല്യം നൽകി വരുന്നത്. വിദ്യാഭ്യാസ ചെലവിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ച് പട്ടികവർഗ്ഗ വിദ്യാത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. അർഹമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പ്രീ-മെട്രിക് ക്ലാസുകളിലുള്ള വിദ്യാർത്ഥികൾക്ക് സ്കൂൾ വർഷാരംഭത്തിൽ തന്നെ സ്ഥാപന മേധാവികൾ വഴി വിതരണം ചെയ്തിട്ടുണ്ട്. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സ്ഥാപനത്തിൽ നിന്ന് ഹാജർനില ലഭ്യമാക്കുന്ന മുറയ്ക്ക് ഇ-ഗ്രാന്റ്സ് മുഖേന അനുവദിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ